# 'ഉണർന്നാൽ ദൈവത്തിന്റെ മഹത്വം കാണാം'

## ലൂക്കോസ് 9:32

"പത്രോസും കൂടെയുള്ളവരും ഉറക്കത്താൽ ഭാരപ്പെട്ടിരുന്നു; ഉണർന്നശേഷം അവന്റെ തേജസ്സിനെയും അവനോടു കൂടെ നിലക്കുന്ന രണ്ടു പുരുഷന്മാരെയും കണ്ടു."

ഇന്നു കണ്ണഞ്ചിപ്പിക്കുകയും അമ്പരിപ്പിക്കുകയും ചെയ്യുന്ന അനവധി കാഴ്ചകളുടെ ലോകത്തിലാണല്ലോ നാം ജീവിക്കുന്നത്. എന്നാൽ അതിന്റെയൊക്കെ മനോഹരിതയും മഹത്വവും ഏറെക്കുറെ വർണ്ണിച്ചു തീരുമ്പോൾ ശോഭ മങ്ങുന്നതായി മനസ്സിലാക്കാം. ശിഷ്യന്മാർ ഇവിടെ കണ്ട കാഴ്ച (ദർശനം) അവരുടെ വാക്കുകളിലോ പ്രകടനങ്ങളിലോ തീരുന്ന ഒന്നായിരുന്നില്ല. അതിന്റെ മഹത്വവും ശോഭയും വിട്ടു പിരിയാൻ വയ്യാത്ത ഒരു ബന്ധത്തിലേക്ക് തങ്ങളെ എത്തിച്ചു.

നാം വായിച്ച വാക്യത്തിൽ കണ്ടു, ശിഷ്യന്മാർ ഉറക്കത്താൽ ഭാരപ്പെട്ടിരുന്നു. ഉണർന്ന ശേഷം അവന്റെ തേജസ്സിനെ കണ്ടു. യേശുകർത്താവ് പ്രിയ ശിഷ്യന്മാരെയും കൂട്ടി പ്രാർത്ഥിപ്പാനായിരുന്നു മലയിൽ കയറിയത്. തനിക്ക് ഏറ്റവും പ്രിയരായവരെ ചേർത്തു നിർത്തി ഉന്നതമായ ചിലത് വെളിപ്പെടുത്തുവാൻ കർത്താവ് ആഗ്രഹിച്ചു. എന്നാൽ ഉറക്ക ഭാരം ശിഷ്യൻമാർക്ക് യേശുവിനോടു കൂടെ പ്രാർത്ഥിപ്പാൻ തടസ്സം ഉണ്ടാക്കി. പ്രിയ ദൈവമക്കളെ കർത്താവ് വിളിച്ചു തന്റെകൂടെ വിശ്വസ്തയോടെ നിർത്തിയിട്ടുണ്ടെങ്കിൽ അവൻ ചില ദർശനങ്ങൾ ഒരുക്കി വെച്ചിട്ടാണ്, ചിലത് വെളിപ്പെടുത്തുവാനാണ് അല്ലെങ്കിൽ ചിലത് ഏല്പിക്കുവാനാണ്. എന്നാൽ വാസ്തവമായി ഉറക്കഭാരത്താൽ ക്ഷീണിതമായ ഒരു അവസ്ഥ ആണെങ്കിൽ ഒന്ന് ഉണരുക. ഉണർന്നശേഷം മാത്രമാണ് ശിഷ്യൻമാർക്കും കർത്താവിന്റെ ഉന്നതമായ, വിശുദ്ധമായ ഭാവത്തെയും, രൂപത്തെയും ദർശിക്കാൻ സാധിച്ചത്.

യേശു മൂന്നു കാര്യങ്ങൾ ഇവിടെ ശിഷ്യൻമാർക്ക് വെളിപ്പെടുത്തി. അതും മുകളിൽ കൊണ്ടുപോയി നിർത്തിയതിനുശേഷം ആയിരുന്നു. ഒന്ന് ദൈവം ആരെന്ന് വെളിപ്പെടുത്തി, രണ്ടാമതായി ക്രൂശികരണത്തെപ്പറ്റി, മൂന്നാമതായി നിത്യതേജസ്സിനെ അതിന്റെ യഥാർത്ഥ ഭാവത്തിലും, അർത്ഥത്തിലും കാണിച്ചുകൊടുത്തു.

അവർക്ക് മുന്നോട്ട് വലിയ ഒരു ദർശനം ലഭിക്കാൻ ഇടയായി. മലയുടെ മുകളിലുള്ള അനുഭവം, നാളയുടെ താഴ്വരയുടെ അനുഭവത്തിലൂടെ കടന്നുപോകാനുള്ള ശക്തിയും, കൃപയും ലഭിച്ചു. പിന്നീട് തരണം ചെയ്യാനുള്ള എല്ലാ കഷ്ടതകൾക്കും (ക്രിസ്തുവിൽ) ഉള്ള ഒരു തയ്യാറെടുപ്പും. പ്രത്യാശയും കൈവരിക്കാൻ സാധിച്ചു. യേശു ദൈവത്തിന്റെ

പ്രിയപുത്രനാണെന്ന സത്യം, അവന്റെ തേജോമയമായ മുഖത്തുനിന്നുള്ള ശോഭ, ഒരു സ്വർഗ്ഗീയ അനുഭവത്തിന്റെ ഉന്നതിയിൽ എത്തിച്ചു. കർത്താവുമായുള്ള ഈ സുന്ദര സാന്നിദ്ധ്യം വിട്ടുപിരിയാതെ അതിൽ നിലനിൽക്കാനുള്ള വാഞ്ചയിലേക്ക് എത്തിച്ചേർന്നു.

അതിനുശേഷം ഉന്നതമായ അനുഭവത്തിൽ നിന്ന് ഒന്നിറങ്ങി വന്നപ്പോഴായിരുന്നു ബഹു പുരുഷാരങ്ങളുടെ ആവശ്യഭാരങ്ങളെന്തെന്ന് വാസ്തവമായി തങ്ങൾക്ക് മനസ്സിലായത്. അനേക താഴ്‌വരകളുടെ അനുഭവുമായി നടക്കുന്ന ബഹു പുരുഷാരങ്ങളിലേക്ക് ഒന്നിറങ്ങി ചെല്ലാൻ വചനം നമ്മെ ഇവിടെ ഓർമ്മിപ്പിക്കുന്നു. അങ്ങനെയെങ്കിൽ യേശുവിനോടു കൂടെയിരുന്ന് അവനിൽനിന്ന് ദിനംതോറും പുതുകൃപകളെ പ്രാപിക്കാൻ ഇടയാകട്ടെ. കർത്താവ് ആരെന്ന പുതിയ അനുഭവങ്ങളിലേക്കും, ആസ്വാദനത്തിലേക്കും നയിക്കപ്പെടട്ടെ. അവന്റെ തേജസ്സിനെയും, മഹത്വത്തെയും അവൻ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നതു പോലെ ഉൾക്കൊള്ളാനുള്ള കൃപയ്ക്കായി യാചിക്കാം.

അതേ, അവനോട് ഒത്തിരുന്നിട്ടുണ്ടെങ്കിൽ അത് തീർച്ചയായും വെളിപ്പെടുത്തും. ദർശിക്കുന്ന ഓരോ വിശ്വാസിയുടെയും മുഖത്തിന്റെ തേജസ്സ് വർദ്ധിക്കും. ജീവിതത്തിലും, ഇടപാടിലും, കാഴ്ചയിലും, കാഴ്ചപ്പാടിലും ഈ സ്വർഗ്ഗീയ തേജസ്സ് വെളിപ്പെടും. ജീവിതത്തിൽ മുന്നോട്ടു തരണം ചെയ്യേണ്ടതായ എല്ലാ താഴ്‌വരകളുടെ അനുഭവത്തിലും പ്രകാശമേറിയതായ ദൈവീക സാന്നിദ്ധ്യം ശക്തിയായി നിലനിൽക്കും. കർത്താവ് താഴ്‌വരയെ തരണം ചെയ്ത് ഉന്നതത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തായി. നമുക്കും ഉറക്കഭാരത്തിന്റെ എല്ലാ അവസ്ഥകളെയും ഒന്ന് തട്ടി നീക്കി ഉണരാം. അവനായി ഉണരാം, അവനുവേണ്ടി ഉണരാം. അവനോടൊപ്പം ഉണർന്ന് ജീവിക്കാം. ദൈവതേജസ്സിന്റെ വെളിച്ചം മറ്റുള്ളവരിലേക്കും പകരാം. കർത്താവുമായുള്ള സാന്നിദ്ധ്യം അനുഭവിക്കാൻ കഴിയാതെ ജീവിതത്തെ ഇന്ന് ആടിയുലക്കുന്നതെന്തും ഉറക്കഭാരത്തിലേക്ക് എത്തിക്കും. ദിനംതോറും അവനോടൊപ്പം ഇരുന്ന് പ്രാർത്ഥിച്ചും, കർത്താവിനെ സ്തുതിച്ചും, അവന്റെ ദർശനങ്ങളെയും വെളിപ്പാടുകളെയും പ്രാപിച്ചും ജീവിതം ജയമാക്കി തീർക്കാൻ ഇടയാകട്ടെ.

പരാമർശം :

ഇയ്യോബ് 33:15,16

ഗാഢനിദ്ര മനുഷ്യർക്കുണ്ടാകുമ്പോൾ, അവർ ശയ്യമേൽ നിദ്രകൊള്ളുമ്പോൾ, സ്വപ്നത്തിൽ, രാത്രിദർശനത്തിൽ തന്നേ, അവൻ മനുഷ്യരുടെ ചെവി തുറക്കുന്നു; അവരോടുള്ള പ്രബോധനെക്കു മുദ്രയിടുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 011